"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-കുടുംബാംഗങ്ങളുടെ ആധാർ നമ്പർ രേഖപ്പെടുത്തിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.37/2022/ധന** **തീയതി, തിരുവനന്തപുരം, 05/03/2022**

പരാമർശം: (1) പഞ്ചായത്ത് ഡയറക്ടറുടെ 13.11.2020-ലെ നം. പി.എ.എൻ.9469/2020/ ഡി.ബി.റ്റി 1 (ഡി.പി) കത്ത്.

(2) പഞ്ചായത്ത് ഡയറക്ടറുടെ 13.01.2021, 26.02.2022 തീയതികളിലെ നം.പി.എ.എൻ. 9469/2020/ഡി.ബി.റ്റി 1 (ഡി.പി.) കത്തുകൾ

**<u>ഉത്തരവ്</u>**

വിവിധ കാരണങ്ങളാൽ അനർഹമായി ക്ഷേമപെൻഷനുകൾ കൈപ്പറ്റിയിരുന്നവരെയും മരണപ്പെട്ടവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് അനിവാര്യമായിരുന്നതിനാൽ 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ കുടുംബാംഗങ്ങളുടെ ആധാർ നമ്പർ രേഖപ്പെടുത്തിയിരുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് മസ്റ്ററിംഗ് സാധ്യമായിരുന്നില്ല. ഇവരുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ പരിഷ്കരിച്ചതിനെത്തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് 2020 ആഗസ്റ്റ് മാസം സമയം അനുവദിച്ചിരുന്നു. അപ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ 18 ഗുണഭോക്താക്കളുടെ വിവരങ്ങൾ സൂചന (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. മസ്റ്ററിംഗിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കുന്നതിനായി ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പിനു നൽകുകയും, ആയതിൽ വിവിധ ജില്ലാ സ്ക്വാഡുകൾ അന്വേഷണം നടത്തുകയും 18 ഗുണഭോക്താക്കളും പെൻഷൻ ലഭിക്കുന്നതിന് അർഹരാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

2. ആധാറില്ലാത്തതിനാൽ കുടുംബാംഗങ്ങളുടെ ആധാർ രേഖപ്പെടുത്തിയിരുന്നവരുടെ മസ്റ്ററിംഗിനായി സേവന സോഫ്റ്റ് വെയർ പരിഷ്കരിച്ചതിലെ കാലതാമസത്താലാണ് ടിയാളുകളുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചുള്ള മസ്റ്ററിംഗ് വൈകിയത്. പ്രസ്തുത ഗുണഭോക്താക്കളെല്ലാം തന്നെ മാനസിക / ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും, സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് ഏറ്റവും അർഹരായവരുമായതിനാൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ 18 പേർക്ക് കുടിശ്ശിക നൽകുന്നതിനുള്ള തുകയുടെ കൃത്യമായ വിവരം ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറെ അറിയിക്കുകയുണ്ടായി.

3. കുടുംബാംഗങ്ങളുടെ ആധാർ നമ്പർ രേഖപ്പെടുത്തിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ 18 ഗുണഭോക്താക്കളിൽ 2 പേർ മരണപ്പെട്ടിട്ടുള്ളതും, ഒരാൾക്ക് കുടിശ്ശിക ഇല്ലാത്തതുമാകുന്നു. അവശേഷിക്കുന്ന 15 ഗുണഭോക്താക്കൾക്ക് കുടിശ്ശിക നൽകുന്നതിനായി 1,38,500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആവശ്യമായുണ്ടെന്നും പ്രസ്തുത ഗുണഭോക്താക്കളെല്ലാം തന്നെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വീട്ടുകളിൽ പെൻഷൻ ലഭിക്കുന്നവരാണെന്നും സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങളുടെ ആധാർ നമ്പർ രേഖപ്പെടുത്തിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ 15 ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 1,38,500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഗുണഭോക്താക്കളുടെ വിശദ വിവരങ്ങൾ ഈ ഉത്തരവിനൊപ്പം **അനുബന്ധമായി** ചേർക്കുന്നു.

5. കുടുംബാംഗങ്ങളുടെ ആധാർ നമ്പർ രേഖപ്പെടുത്തിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കിയ 15 ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിൽ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 1,38,500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799012100000001), ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായി ഗുണഭോക്താക്കളുടെ വീട്ടുകളിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

6. ***കുടിശ്ശിക തുക 2022 ഫെബ്രുവരി മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയോടൊപ്പം വിതരണം ചെയ്യേണ്ടതാണ്. ഇതിനായി പ്രത്യേകം ഇൻസെന്റീവ് തുക നൽകുന്നതല്ല.*** വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 2022 മാർച്ച് 15-നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ഓഫീസ് പകർപ്പ് (ഫയൽ നം.1444478/എസ് എഫ് സി ബി2/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl.no | Name | Pensioner ID | Amount |
|---|---|---|---|
| 1 | Abdul Assis | 109690300002 | 7800 |
| 2 | Adithyan | 102470400287 | 2400 |
| 3 | Akhil | 107890400202 | 7600 |
| 4 | Arshad K N | 107270400360 | 17500 |
| 5 | Binny T P | 102140400446 | 5200 |
| 6 | Ebin Xavy | 107960400354 | 2400 |
| 7 | Naduvile Purayil Dhanya | 111010400114 | 6000 |
| 8 | Nishad | 103520400365 | 13500 |
| 9 | Safinnas K S | 107830400186 | 6000 |
| 10 | Sasi. V | 104880400291 | 19200 |
| 11 | Shahida M V | 102140400401 | 12200 |
| 12 | Simon | 104420400242 | 19500 |
| 13 | Subrahmanyan | 110850400151 | 5800 |
| 14 | Thressia Antony | 105180100092 | 7000 |
| 15 | Yousaf R A | 107270400231 | 6400 |
|  | Grand Total |  | 1,38,500 |